**പ്രസിദ്ധീകരണത്തിന്**

നമ്മുടെ നാട് ലഹരിയുടെ പിടിയിൽ അകപ്പെട്ടിരിക്കുകയാണ് എന്നുള്ള വിവരം നാം തിരിച്ചറിയേണ്ടതുണ്ട്. അല്ലാത്തപക്ഷം നമ്മുടെ നാടും ജനങ്ങളും നേരിടാൻ പോകുന്ന ദുരന്തം വളരെ വലുതായിരിക്കും. ഇതിനെ നേരിടാൻ സർക്കാരും ജനങ്ങളും രക്ഷകർത്താക്കളും ഒരേ മനസ്സോടുകൂടി മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ നാം ദുഃഖിക്കേണ്ടിവരുമെന്ന് പറയേണ്ടതില്ലല്ലോ.

ഇന്ന് കൊച്ചുകുട്ടികൾക്കുപോലും ലഹരിവസ്തുക്കൾ ലഭിക്കുന്ന സാഹചര്യത്തിലെത്തി നില്ക്കുകയാണ്. രാസലഹരിയുടെ ഉപയോഗം ഓരോ വീട്ടിലും സംഘർഷങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ദിവസവും നാം കണ്ടുകൊണ്ടിരിക്കുന്ന ഈ ദുരവസ്ഥ വളരെ ഭയാനകവും വേദനാജനകവുമാണ്.

ലഹരിവിരുദ്ധപ്രവർത്തനം നടത്തുക എന്നത് നായർ സർവീസ് സൊസൈറ്റിയുടെ ആരംഭകാലം മുതൽക്കേയുള്ള നയമാണ്. ഇത്തരം പ്രവർത്തനങ്ങളിൽ കരയോഗപ്രവർത്തകരുടെ ആത്മാർത്ഥമായ സഹകരണവും ജാഗ്രതയും തുടരേണ്ടതുണ്ട്.

അതിന്റെ ആദ്യനടപടിയെന്നോണം കരയോഗാംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അവബോധനയോഗങ്ങൾ സംസ്ഥാനമൊട്ടുക്കുള്ള എല്ലാ കരയോഗങ്ങളിലും നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഈ വിഷയത്തെക്കുറിച്ച് വിശദീകരണം നടത്താൻ വിദഗ്ദ്ധരായ ആളുകളെ തിരഞ്ഞെടുത്ത് അവരുടെ സഹായം ലഭ്യമാക്കിക്കൊണ്ട് **ഏപ്രിൽ 12 ശനിയാഴ്ച** ഉച്ചയ്ക്ക് 3 മണിക്ക് സംസ്ഥാനത്തെ എല്ലാ കരയോഗങ്ങളിലും താലൂക്ക് യൂണിയനുകളുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധപ്രചരണദിനമായി ആചരിക്കുകയാണ്.

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി

പെരുന്ന
10.4.2025